# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1083.

11..7..2011-ൽ മറുപടിക്ക്

## "ക്ഷീരോൽപാദന മേഖലയെ സംരക്ഷിക്കുന്നതിന് നടപടി"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോസഫ് വാഴയ്ക്കൻ,<br>ശ്രീ. കെ. അച്ചുതൻ,<br>ശ്രീ. എം.എ. വാഹിദ്,<br>ശ്രീ. ബെന്നി ബെഹനാൻ.** | **ശ്രീ. കെ.സി. ജോസഫ്,<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) പാലിന്റെ ഉൽപാദനച്ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ ക്ഷീര കർഷകർക്ക് പാലിനു ലഭിക്കുന്ന വില തികച്ചും അപര്യാപ്തമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ക്ഷീരകർഷകരെ ഈ മേഖലയിൽ പിടിച്ചു നിർത്തുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) ക്ഷീരകർഷകർക്കായി തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, എം.എസ്.ഡി.പി. പദ്ധതി, കേന്ദ്രസർക്കാരിന്റെ ആർ.കെ.വി.വൈ. പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം എന്നീ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡു വഴി ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം മുതലായ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.-ൽ ക്ഷീരകൃഷി കൂടി ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.<br><br>കൂടാതെ, മൃഗസംരക്ഷണ വകുപ്പു വഴി സൗജന്യചികിത്സാ സൗകര്യങ്ങളും ആവശ്യമായ മരുന്നുകളും ലഭ്യമാക്കി വരുന്നുണ്ട്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൃത്രിമ ബീജസങ്കലനം പൂർണ്ണമായും സൗജന്യമാക്കി. കന്നുകാലി പ്രജനന നയം, പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, കന്നുകുട്ടി പരിപാലന പദ്ധതി |

| | |
|---|---|
| | പ്രകാരം സൗജന്യനിരക്കിൽ കന്നുകുട്ടികൾക്ക് കാലിത്തീറ്റ, വിരമരുന്നുകൾ, ഇൻഷ്വറൻസ്, ക്ഷേമസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് പശു, എരുമ എന്നിവ നൽകുന്ന പദ്ധതി, കന്നുകാലി ഫാമുകളെ മാതൃകാ കന്നുകാലി ഫാമുകളായി ഉയർത്തുന്നതിനും നൂതന ഫാമുകളായി പ്രവർത്തിപ്പിക്കുന്നതിനും ധനസഹായം, കർഷകരുടെ ഫാമുകളുടെ യന്ത്രവൽക്കരണത്തിനായി ധനസഹായം, ഇതുകൂടാതെ കർഷകർക്ക് ശാസ്ത്രീയ രീതിയിലുള്ള മൃഗ പരിപാലനത്തിനും നൂതന രീതിയിലുള്ള പ്രവർത്തനങ്ങൾക്കും ആയി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലൂടെയും പരിശീലന കേന്ദ്രങ്ങളിലൂടെയും ആവശ്യമായ പരിശീലനവും ബോധവൽക്കരണവും നൽകുന്നുണ്ട്. |
| (സി) ക്ഷീരകർഷകർക്ക് സഹായകമായ തരത്തിൽ കാലിത്തീറ്റയ്ക്ക് 50% സബ്സിഡി കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുമോ; | (സി) കാലിത്തീറ്റ സബ്സിഡി ഇരട്ടിയായി ബജറ്റിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗമാകുന്നതിന് 5 വർഷം പാൽ അളന്നാൽ മതിയെന്ന വ്യവസ്ഥ എല്ലാ ക്ഷീരകർഷകർക്കും ബാധകമാക്കുമോ; | (ഡി) ക്ഷീരസംഘത്തിൽ അംഗമായ എല്ലാ ക്ഷീരകർഷകർക്കും ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. |
| (ഇ) ക്ഷീരകർഷകരെ 'തൊഴിൽ ഉറപ്പു പദ്ധതിയിൽ' ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച അന്തിമ തീരുമാനം കേന്ദ്ര സർക്കാരാണ് കൈക്കൊള്ളേണ്ടത്. ഈ കാര്യം കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.